## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3011** **18.06.2019 -ൽ മറുപടിയ്ക്ക്**

### പാഠ്യപദ്ധതി നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.സ്വരാജ്**<br>**ശ്രീ. ആർ.രാജേഷ്**<br>**ശ്രീ.ജോർജ് എം.തോമസ്**<br>**ശ്രീ.കെ.ഡി.പ്രസേനൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പ്രൈമറി മുതൽ ഹയർസെക്കന്ററി തലംവരെയുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച്, ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത പഠന സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കി, ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാനുള്ള പശ്ചാത്തലം ഒരുക്കുന്ന പ്രക്രിയ പൂർത്തിയായികൊണ്ടിരിക്കുന്ന ഘട്ടത്തിൽ മികവുറ്റ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള പാഠ്യപദ്ധതി നവികരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; പരിപാടിയുടെ പുരോഗതി അറിയിക്കാമോ; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിലുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന കരിക്കുലം സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം എസ്.സി.ഇ.ആർ.ടി. നടപടികൾ സ്വീകരിച്ചുവരുന്നു. പാഠ്യപദ്ധതി കാലോചിതമാക്കി ഐ.സി.ടി. അധിഷ്ഠിത പഠനം സാധ്യമാക്കുന്നതിനും ആവശ്യം വേണ്ട ജീവിത നൈപുണികൾ വികസിക്കുന്ന തരത്തിലും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുന്ന രീതിയിലുമുള്ള ഒരു പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഒരു പാഠ്യപദ്ധതി ചട്ടക്കൂട് *(കെ.സി.എഫ്.മാതൃകയിൽ)* തയ്യാറാക്കി വരുന്നു. വിവിധ തലങ്ങളിലുള്ള ചർച്ചകളും ആശയ സ്വരൂപീകരണവും ഇതിന്റെ ഭാഗമായി നടന്നു വരുന്നു. കൂടാതെ വിവിധ ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| ബി) പൊതുവിദ്യാലയങ്ങളിലെ പഠനപ്രക്രിയ ഫലവത്താകാൻ ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും നിലവിലുള്ള അദ്ധ്യാപകരുടെ അദ്ധ്യാപനശേഷി ഉയർത്തുന്നതിനും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | ബി) ഒഴിവുള്ള തസ്തികകളിൽ പി. എസ്. സി വഴിയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും അദ്ധ്യാപകർക്ക് നിയമനം നല്കിയിട്ടുണ്ട്. ഇനിയും ഒഴിവുകൾ നിലവിലുണ്ടെങ്കിൽ പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരുടെ അദ്ധ്യാപനശേഷി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വെക്കേഷൻ കാലയളവിൽ സർവ്വീസിലുള്ള മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി. കൂടാതെ ഐ.സി.റ്റി അധിഷ്ഠിതമായി പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. മോണിറ്ററിംഗ് കൂടുതൽ ഫലപ്രദവും ശക്തവുമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു |

സി) നിലവിലുള്ള സമഗ്ര പോർട്ടൽ പരിഷ്കരിച്ച് ഓരോ സ്കൂളിലെയും അദ്ധ്യയനം നിരീക്ഷിച്ച് പഠനലക്ഷ്യം കാര്യക്ഷമമായി നിറവേറ്റുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

സി) പാഠഭാഗങ്ങൾക്കനുയോജ്യമായ പാഠാസൂത്രണ രേഖകളും ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകരുടെ ആവശ്യകതയ്ക്കനുസരിച്ച് കസ്റ്റമൈസ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ ' സമഗ്ര ' ഓൺലൈൻ വിഭവ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യയനം നിരീക്ഷിച്ച് പഠന ലക്ഷ്യം കാര്യക്ഷമമായി നിറവേറ്റുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് സ്കൂൾ പ്രഥമാദ്ധ്യാപകരാണ്. പ്രഥമാദ്ധ്യാപകർക്ക് ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനവും സമഗ്രയിൽ ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസജില്ല, റവന്യൂജില്ല, സംസ്ഥാന തലങ്ങളിൽ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം 'സമഗ്ര' പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

ഡി) നിലവിൽ അദ്ധ്യാപക -രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ഫലപ്രദമായ സാമൂഹ്യ പരിശോധനയ്ക്ക് ഉതകുന്ന വിധത്തിലാണോ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട മാർഗ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഡി) അദ്ധ്യാപക- രക്ഷകർതൃ സമിതികളുടെ പ്രവർത്തനം കൂടുതൽ ഫലവത്താക്കി മാറ്റുന്നതിനു നടപടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെടുത്തി നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ